# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സമൂഹത്തിലെ പിന്നാക്കം നില്ക്കുന്നവരുടെ ഉന്നമനത്തിനും ശാക്തീകരണത്തിനുമായാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi stated that the Central Government is working for the upliftment and empowerment of the underprivileged sections of society.**

2. യു എൻ പൊതുസഭാ സമ്മേളനത്തിൽ പാകിസ്ഥാൻറെ നിലപാടിനെ വിമർശിച്ച് ഇന്ത്യ ; പാകിസ്ഥാൻ ഭീകരവാദത്തെ മഹത്വവൽക്കരിക്കുന്നുവെന്ന് വിമർശനം.

   **India criticized Pakistan at the UN General Assembly, accusing it of glorifying terrorism.**

3. കേരളത്തിലെത്തിയ കേന്ദ്ര മന്ത്രി ജെ പി നഡ്ഡ, കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ എന്നിവർ കൊല്ലത്ത് മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നു.

   **Union Minister JP Nadda, Union Ministers of State L Murugan and George Kurian, who arrived in Kerala, are participating in the birthday celebrations of Mata Amritanandamayi in Kollam.**

4. ആരോഗ്യ രംഗത്ത് രാജ്യത്തിന് മാതൃകയായ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കിയ സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Kerala is a state that has achieved numerous accomplishments in the health sector, serving as a model for the rest of the country, said Chief Minister Pinarayi Vijayan.

5. 12-ാമത് ലോക പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി ; ഏഷ്യാകപ്പ് ടി-20 ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം.

The 12th World Para Athletics Championship has begun in New Delhi. India-Pakistan clash in the Asia Cup T20 cricket final tomorrow.

************************************

## PM-ODISHA VISIT (INTRO)

സമൂഹത്തിലെ പിന്നാക്കം നില്ക്കുന്നവരുടെ ഉന്നമനത്തിനും ശാക്തീകരണത്തിനുമായാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഒഡിഷയിലെ ജാർസുഗുഡയിൽ അറുപതിനായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

ടെലികോം കണക്റ്റിവിറ്റി മേഖലയിൽ, സ്വദേശി സാങ്കേതികവിദ്യ ഉപയോഗിച്ച് ഏകദേശം 37,000 കോടി രൂപ ചെലവിൽ നിർമ്മിച്ച 97,500-ലധികം മൊബൈൽ 4G ടവറുകൾ പ്രധാനമന്ത്രി കമ്മീഷൻ ചെയ്തു. ഇതിൽ ബിഎസ്എൻഎൽ കമ്മീഷൻ ചെയ്ത 92,600-ലധികം 4G സാങ്കേതിക സൈറ്റുകളും ഉൾപ്പെടുന്നു. തിരുപ്പതി, പാലക്കാട്, ഭിലായ്, ജമ്മു, ധാർവാഡ്, ജോധ്പൂർ, പട്ന, ഇൻഡോർ എന്നിവിടങ്ങളിലായി ഏകദേശം 11,000 കോടി രൂപ മുതൽ മുടക്കിൽ എട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ

വികസനത്തിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. അന്ത്യോദയ ഗൃഹ യോജനയ്ക്ക് കീഴിലുള്ള 50,000 ഗുണഭോക്താക്കൾക്കുള്ള അനുമതി പത്രങ്ങൾ ശ്രീ നരേന്ദ്ര മോദി ചടങ്ങിൽ വിതരണം ചെയ്യു.

************************************

## UNGA-INDIA-PAK

യു എൻ പൊതുസഭയുടെ 80-ാമത് സമ്മേളനത്തിൽ പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് നടത്തിയ പ്രസംഗത്തെ രൂക്ഷമായി വിമർശിച്ച് ഇന്ത്യ. പാകിസ്ഥാൻ ഭീകരവാദത്തെ മഹത്വവൽക്കരിക്കുകയും ഇന്ത്യ-പാകിസ്ഥാൻ സംഘർഷത്തെക്കുറിച്ചുള്ള വസ്തുതകൾ വളച്ചൊടിക്കുകയും ചെയ്യുതായി ഇന്ത്യ ആരോപിച്ചു. അസംബന്ധവും നാടകീയതയും നിറഞ്ഞ പ്രകടനങ്ങളാണ് പാകിസ്ഥാൻ പ്രധാനമന്ത്രിയിൽ നിന്ന് ഈ സമ്മേളനം കണ്ടതെന്നും അത് അവരുടെ വിദേശനയത്തിന്റെ കേന്ദ്രബിന്ദുവാണെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം മിഷനിലെ ഫസ്റ്റ് സെക്രട്ടറി ശ്രീമതി. പെറ്റൽ ഗഹ്ലോട്ട് പറഞ്ഞു. പാകിസ്ഥാൻ പ്രധാനമന്ത്രി ഇന്ത്യയുമായി സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ അവിടെയുള്ള എല്ലാ ഭീകര ക്യാമ്പുകളും ഉടൻ അടച്ചുപൂട്ടുകയും ഇന്ത്യയിൽ അന്വേഷിക്കുന്ന തീവ്രവാദികളെ കൈമാറുകയുമാണ് വേണ്ടതെന്നും ഗഹ്ലോട്ട് വ്യക്തമാക്കി.

************************************

## L MURUGAN

ഏകദിന സന്ദർശനത്തിനായി കേരളത്തിലെത്തിയ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ, കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ എന്നിവർ ഇന്ന് കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. മാതാ അമൃതാനന്ദമയിയുടെ 72-ാം ജന്മദിനാഘോഷ പരിപാടിയുടെ ഭാഗമായി വള്ളിക്കാവ് അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിലെ അമൃത വർഷം പരിപാടിയിൽ മന്ത്രിമാർ പങ്കെടുക്കുകയാണ്. കൊല്ലത്ത് ചേരുന്ന BJP സംസ്ഥാനസമിതി യോഗത്തിലും മന്ത്രിമാർ

പങ്കെടുക്കും. പാർട്ടി ദേശീയ അധ്യക്ഷൻ JP നഡ്ഡ യോഗം ഉദ്ഘാടനം ചെയ്യും. നേരത്തെ തിരുവനന്തപുരം വിമാനത്താവളത്തിൽ ശ്രീ ജെ പി നഡ്ഡയ്ക്കും ശ്രീ എൽ. മുരുഗനും ബി ജെ പി പ്രവർത്തകരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി.

************************************

## PURI–NATURAL GAS

ആൻഡമാൻ കടലിൽ പ്രകൃതിവാതകം കണ്ടെത്തിയതായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി. മേഖലയിൽ പ്രകൃതിവാതകം സമ്പുഷ്ടമാണെന്ന ദീർഘകാല വിശ്വാസത്തെ സ്ഥിരീകരിക്കുന്നതാണ് കണ്ടെത്തൽ. ആൻഡമാൻ ദ്വീപുകളുടെ കിഴക്കൻ തീരത്ത് നിന്ന് 9.20 നോട്ടിക്കൽ മൈൽ അകലെ ശ്രീ വിജയപുരത്താണ് പ്രകൃതിവാതകം കണ്ടെത്തിയതെന്ന് ശ്രീ പുരി സമൂഹമാധ്യമത്തിൽ അറിയിച്ചു. കാക്കിനടയിൽ നടത്തിയ പരിശോധനയിൽ വാതകം 87 ശതമാനം മീഥേൻ ആണെന്ന് കണ്ടെത്തിയതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

************************************

## CHIEF MINISTER

ആരോഗ്യ രംഗത്ത് രാജ്യത്തിന് മാതൃകയായ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കിയ സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചിയിൽ ലോക കേരള സഭ - ആഗോള പ്രൊഫഷണൽ മീറ്റ് ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ലൈഫ്സയൻസ്, ഐടി ഉൾപ്പെടെ നിരവധി മേഖലകളിൽ കേരളം വലിയ നേട്ടം കൈവരിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി.

************************************

## GST – TOURISM

ടൂറിസത്തെ കൂടുതൽ താങ്ങാനാവുന്നതാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് ഗണ്യമായ നികുതി ഇളവുകളാണ് പുതിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ പ്രകാരം, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. പ്രതി ദിനം 7,500 രൂപയിൽ താഴെയുള്ള ഹോട്ടൽ മുറികളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചു. ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കാനും, അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കുകയാണ് ലക്ഷ്യം.

************************************

## WORLD TOURISM DAY

ഇന്ന് ലോക ടൂറിസം ദിനം. 1980 ൽ ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ടൂറിസം സംഘടനയാണ് സെപ്റ്റംബർ 27 ലോക ടൂറിസം ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. സമൂഹത്തിൽ ടൂറിസത്തിന്റെ പങ്കിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. യാത്ര, സംസ്കാരം, സാമ്പത്തിക വളർച്ച, സുസ്ഥിര വികസനം എന്നിവയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ദിനം ഓർമ്മിപ്പിക്കുന്നു. 'ടൂറിസവും സുസ്ഥിര പരിവർത്തനവും' എന്നതാണ് ഈ വർഷത്തെ പ്രമേയം.

************************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

************************************

## SEVA PARV – HONOURING INDIA'S LEGACY (INTRO)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ, രാജ്യത്തിന് വേണ്ടി പോരാടിയ ധീരരെ ആദരിക്കുന്നതിന് നിർമിച്ച സ്മാരകങ്ങളെ കുറിച്ചാണ്

ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

(വോയ്സ്)

സ്വാതന്ത്ര്യ സമരസേനാനികളുടെ ത്യാഗം, ധീരത എന്നിവയിലൂടെ നിർമ്മിക്കപ്പെട്ടതാണ് നമ്മുടെ രാജ്യം. സ്മാരകങ്ങളുടെ നിർമിതിയിലൂടെ രാജ്യത്തിന്റെ അഭിമാനമായ ധീരൻമാരെ അനുസ്മരിക്കുകയാണ് കേന്ദ്ര സർക്കാർ. നിലവിലെ സ്മാരകങ്ങൾ പുതുക്കി പണിയുന്നതിന്റേയും പുതിയവ നിർമിക്കുന്നതിന്റെയും പ്രാധാന്യത്തെ കുറിച്ച് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പരാമർശിക്കുകയുണ്ടായി.

(പിഎം-വോയ്സ്)

ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകം, അമൃത്സറിലെ നവീകരിച്ച ജാലിയൻവാലബാഗ് സ്മാരകം, പ്രധാൻമന്ത്രി സംഗ്രഹാലയ തുടങ്ങിയവയെല്ലാം രാജ്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ചവർക്ക് വേണ്ടിയുള്ള സമർപ്പണത്തിന് ഉദാഹരണമാണ്.

(മ്യൂസിക്)

************************************

## ANNOUNCEMENT

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള പ്രത്യേക ചർച്ച ഇന്നും, നാളെയും ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം ഐ സി എ ആർ-സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

************************************

## WORLD-PARA ATHLETICS

12-ാമത് ലോക പാര അത്ലറ്റിക് ചാമ്പ്യൻഷിപ്പിന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തുടക്കമായി. ഒൻപത് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ 186 ഇനങ്ങളിൽ മത്സരങ്ങൾ നടക്കും. 100 ലധികം രാജ്യങ്ങളിൽ നിന്നുള്ള ആയിരത്തിലേറെ കായിക താരങ്ങൾ പങ്കെടുക്കുന്നു. ചാമ്പ്യൻഷിപ്പ് അടുത്ത മാസം അഞ്ചിന് അവസാനിക്കും. ഇന്ന് നടന്ന 400 മീറ്റർ ടി20-20 ഇനത്തിൽ ഇന്ത്യയുടെ ദീപ്തി ജീവൻജി ഒന്നാം സ്ഥാനത്തോടെ മെഡൽ റൌണ്ടിലേക്ക് യോഗ്യത നേടി. സീസണിലെ ഏറ്റവും മികച്ച പ്രകടനമായ 58.35 സെക്കന്റാണ് അവർ എടുത്തത്.

***********************************

## REV CRICKET

ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. നാളെ രാത്രി എട്ടിന് ദുബായിലാണ് മത്സരം. ഇന്നലെ നടന്ന അവസാന സൂപ്പർ ഫോർ മത്സരത്തിൽ ശ്രീലങ്കയെ ഇന്ത്യ പരാജയപ്പെടുത്തി.

***********************************

## RAIN -KERALA

കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർ ഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം മുതൽ മലപ്പുറം വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***********************************

## UK-DIGITAL ID

ബ്രിട്ടീഷ് പൗരന്മാരും സ്ഥിര താമസക്കാരും ജോലി ലഭിക്കുന്നതിന് നിർബന്ധിത ഡിജിറ്റൽ തിരിച്ചറിയൽ കാർഡ് ഹാജരാക്കണമെന്ന് യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ.ലണ്ടനിൽ നടന്ന മധ്യ-ഇടതുപക്ഷ രാഷ്ട്രീയക്കാരുടെ ഒരു അന്താരാഷ്ട്ര യോഗത്തിലാണ് പ്രധാനമന്ത്രി സ്റ്റാർമറുടെ പ്രഖ്യാപനം. 2029 ഓടെ നടക്കാനിരിക്കുന്ന അടുത്ത തിരഞ്ഞെടുപ്പിന് മുമ്പ് പുതിയ ഐഡി സംവിധാനം നിലവിൽ വരുമെന്ന് അദ്ദേഹം പറഞ്ഞു.

************************************

## TRUMP-BIRTHRIGHT CITIZENSHIP

ജനനത്തിലൂടെ ലഭിക്കുന്ന പൗരത്വം അവസാനിപ്പിക്കാൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പുറപ്പെടുവിച്ച ഉത്തരവിന്റെ ഭരണഘടനാ സാധുത പരിശോധിക്കണമെന്ന് യു എസ് ഭരണകൂടം സുപ്രീം കോടതിയോട് അഭ്യർത്ഥിച്ചു. ഈ വർഷം ഇത് രണ്ടാം തവണയാണ് ഭരണകൂടം വിഷയത്തിൽ സുപ്രീം കോടതിയെ സമീപിക്കുന്നത്. 14-ാം ഭേദഗതി അനുസരിച്ച് യു എസിൽ ജനിച്ചവർക്ക് പൗരത്വം നൽകി വരുന്നത് തെറ്റായ ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് ട്രംപ് ഭരണകൂടം സുപ്രീം കോടതിയിൽ സമർപ്പിച്ച അപ്പീലിൽ വ്യക്തമാക്കുന്നു. ജനനത്തിലൂടെ പൗരത്വം ലഭിക്കുന്നത് അവസാനിപ്പിക്കാനുള്ള ഉത്തരവ് തടഞ്ഞ കീഴ്ക്കോടതികളുടെ വിധികൾക്ക് എതിരെ രണ്ട് അപ്പീലുകളാണ് സുപ്രീംകോടതിയിൽ നൽകിയിട്ടുള്ളത്.

*****************************************************************************************************